മലയാള മനോരമ




കെഎസ്ഇബിയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) നടത്തിയ പണിമുടക്കിന്റെ ഭാഗമായി സംഘടിപ്പിച്ച ധർണ രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

# മണിയാർ ജലവൈദ്യുത പദ്ധതി കെഎസ്ഇബി ഏറ്റെടുക്കണം: രമേശ് ചെന്നിത്തല

തിരുവനന്തപുരം ● കേരള ജനതയ്ക്ക് അവകാശപ്പെട്ട മണിയാർ 12 മെഗാവാട്ട് ജലവൈദ്യുത പദ്ധതി കെഎസ്ഇബി ഉടൻ ഏറ്റെടുക്കണമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മണിയാർ സ്വകാര്യ മുതലാളിമാർക്ക് കൈമാറിയാൽ ശക്തമായ സമര പരിപാടികളിലേക്ക് കടക്കും.

കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കാത്തത് നിയമവിരുദ്ധമാണെന്നും അതിൽ ദുരൂഹതയും അഴിമതിയും ഉണ്ടെന്ന് അദ്ദേഹം ആരോപിച്ചു.

കെഎസ്ഇബിയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് വൈദ്യുതി ഭവനിൽ നടത്തിയ ദക്ഷിണ മേഖല റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ചാണ്ടി ഉമ്മൻ എംഎൽഎ, കെപിസിസി ജനറൽ സെക്രട്ടറി ജി.സുബോധൻ, ഐഎൻടിയുസി അഖിലേന്ത്യാ സീനിയർ സെക്രട്ടറി കെ. സുരേഷ് ബാബു, ചുമട്ടുതൊഴിലാളി കോൺഗ്രസ് ജനറൽ സെക്രട്ടറി ചാല നാസർ, കോൺഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.നസീർ, വൈസ് പ്രസിഡന്റുമാരായ എ. നിസാറുദ്ദീൻ, സി.എസ്.യമുന തുടങ്ങിയവർ പ്രസംഗിച്ചു.






കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) പണിമുടക്കിനോടനുബന്ധിച്ച് തിരുവനന്തപുരം പട്ടം വൈദ്യുതിഭവനിൽ നടത്തിയ ദക്ഷിണ മേഖല റാലി രമേശ് ചെന്നിത്തല ഉദ്ഘാടനം .ചെയ്ത് സംസാരിക്കുന്നു

## മണിയാർ പദ്ധതി
# കെഎസ്ഇബി ഏറ്റെടുക്കണം: രമേശ് ചെന്നിത്തല

തിരുവനന്തപുരം: കേരള ജനതയ്ക്ക് അവകാശപ്പെട്ട മണിയാർ 12 മെഗാവാട്ട് ജലവൈദ്യുത പ
ദ്ധതി കെഎസ്ഇബി ഉടൻ ഏറ്റെടുക്കണമെന്നും അത് സ്വകാര്യ മുതലാളിമാർക്ക് കൈമാറി
യാൽ ശക്തമായ സമര പരിപാടികളിലേക്ക് കടക്കുമെന്നും രമേശ് ചെന്നിത്തല. കാലാവധി കഴി
ഞ്ഞിട്ടും ഏറ്റെടുക്കാത്തത് നിയമവിരുദ്ധമാണെന്നും അതിൽ ദുരൂഹതയും അഴിമതിയുമുണ്ടെ
ന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കെഎസ്ഇബിയിലെ നിരവധി വിഷയങ്ങൾ ഉന്നയിച്ച് കേരള ഇല
ക്ട്രിസിറ്റി എംപ്ലോയിസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) ഇന്നലെ നടത്തിയ പണിമുടക്കി
നോടനുബന്ധിച്ച് തിരുവനന്തപുരം പട്ടം വൈദ്യുതി ഭവനിൽ നടത്തിയ ദക്ഷിണ മേഖല റാലി ഉ
ദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജീവനക്കാരുടെ വിവിധ ആവശ്യങ്ങളാ
യ ക്ഷാമബത്ത, ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ തുടങ്ങിയ എല്ലാ ആവശ്യങ്ങൾക്കും
സംഘടനയ്ക്കും തൊഴിലാളിക്കും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.
രാവിലെ 11 മണിക്ക് പട്ടം ജംഗ്ഷനിൽ നിന്നും ആരംഭിച്ച റാലി വൈദ്യുതി ഭവനിൽ എത്തിയ
ശേഷമാണ് ധർണ നടന്നത്. യുഡിഎഫ് സർക്കാർ വന്നാൽ ജീവനക്കാരുടെ നിലവിലെ അവ
സ്ഥയ്ക്ക് മാറ്റം വരുമെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ യോഗത്തെ അഭിവാദ്യം അർപ്പിച്ച് സംസാ
രിച്ചു. മധ്യമേഖല ധർണ എറണാകുളത്ത് ഹൈബി ഈഡൻ എംപിയും ഉത്തരമേഖലാ ധർണ
കോഴിക്കോട് ഡിസിസി പ്രസിഡന്റ് കെ.പ്രവീൺ കുമാറും ഉദ്ഘാടനം ചെയ്തു. സംസ്ഥാന വർ
ക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ജി.സുബോധൻ, കെ.സുരേഷ്
ബാബു, ചാല നാസർ, നസീർ.എം, നിസാറുദ്ദീൻ.എ, യമുന.സി.എസ് തുടങ്ങിവർ സംസാരിച്ചു.

കേരളകൗമുദി
SINCE 1911
Trivandrum
23 Jan 2025

# കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ദക്ഷിണ മേഖല റാലി

തിരുവനന്തപുരം: കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.ടി.യു.സി) പണിമുടക്കിനോടനുബന്ധിച്ച് നടത്തിയ ദക്ഷിണ മേഖല റാലി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

പട്ടം വൈദ്യുതി ഭവനിൽ നടന്ന പരിപാടിയിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. ജി. സുബോധൻ, ഐ.എൻ.ടി.യു.സി അഖിലേന്ത്യാ സീനിയർ സെക്രട്ടറി കെ. സുരേഷ് ബാബു, ചുമട്ടുതൊഴിലാളി കോൺഗ്രസ് ജനറൽ സെക്രട്ടറി ചാല നാസർ, സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി നസീർ.എം, വൈസ് പ്രസിഡന്റുമാരായ നിസാറുദ്ദീൻ.എ, യമുന.സി.എസ് മറ്റു ഭാരവാഹികളായ നിഷാദ്.ടി, ഷാഹുൽ ഹമീദ്, രാധാകൃഷ്ണപിള്ള, സുരേഷ്കുമാർ.എസ്.ആർ, രാജേഷ്കുമാർ.എസ്.ആർ, ജോൺ ബോസ്കോ, പ്രദീപ്കുമാർ.വി.പി, സിയാദ്, മണിക്കുട്ടൻ.എസ്, അനിൽ കുമാർ, സതീഷ്കുമാർ.ആർ, അഞ്ജന, ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# മണിയാർ പദ്ധതി കെ.എസ്.ഇ.ബി. ഏറ്റെടുക്കണം -രമേശ് ചെന്നിത്തല

തിരുവനന്തപുരം ▸ മണിയാർ ജല വൈദ്യുതപദ്ധതി, സ്വകാര്യ കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി. ഉടൻ ഏറ്റെടുക്കണമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

കരാർ കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കാത്തത് നിയമവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ(ഐ.എൻ.ടി.യു.സി.) നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് പട്ടം വൈദ്യുതി ഭവനിൽ നടത്തിയ ദക്ഷിണമേഖലാ റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചാണ്ടി ഉമ്മൻ എം.എൽ.എ. പ്രസംഗിച്ചു. സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് ആധ്യക്ഷ്യം വഹിച്ചു.



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ ദക്ഷിണമേഖലാ റാലി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

കെ.പി.സി.സി. ജനറൽ സെക്രട്ടറി ജി.സുബോധൻ, ഐ.എൻ.ടി.യു.സി. അഖിലേന്ത്യ സീനിയർ സെക്രട്ടറി കെ.സുരേഷ് ബാബു, ചാല നാസർ, എം.നസീർ തുടങ്ങിയവർ സംസാരിച്ചു.

# വൈദ്യുതി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കരുത്; ഹൈബി ഈഡൻ




കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന വ്യാപകമായി നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് മധ്യ മേഖല ചീഫ് എൻജിനീയർ ഓഫീസിനു മുൻപിൽ നടത്തിയ പ്രതിഷേധ സമരം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി: വൈദ്യുതി അപകടമേഖലയിൽ പണിയെടുക്കുന്ന വൈദ്യുതി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് പ്രതിഷേധാർഹമാണെന്ന് ഹൈബി ഈഡൻ എംപി. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന വ്യാപകമായി നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് മധ്യ മേഖല ചീഫ് എൻജിനീയർ ഓഫീസിനു മുൻപിൽ നടത്തിയ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മണിയാർ വൈദ്യുതി പദ്ധതി ബോർഡിന് നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള നീക്കം കെഎസ്ഇബിക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തിവെക്കും. ഇപ്പോൾ ബോർഡ് നഷ്ടത്തിൽ വരുത്തിയത് മാനേജ്മെന്റ് ഗവൺമെന്റിന്റെയും പിടിപ്പുകേടാണെന്നും ഇതിലുള്ള അഴിമതി അന്വേഷണ വിധേയമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു .

പണിമുടക്ക് തൊഴിലാളികൾ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് പ്രകടനവും ധർണയും നടത്തി. നിരവധി വൈദ്യുതി തൊഴിലാളികളാണ് ലൈനിൽ പണിയെടുത്ത് അപകടത്തിൽ മരണപ്പെടുന്നത്. മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാരുമായി വൈദ്യുതി ബോർഡിലെ ജീവനക്കാരെ താരതമ്യം ചെയ്യാനുള്ള ഇടതു സർക്കാരിന്റെ ശ്രമങ്ങൾ അപലപനീയമാണ്. കഴിഞ്ഞ ഏഴ് വർഷക്കാലങ്ങളായി ഡിഎ മറ്റ് ആനുകൂല്യങ്ങൾ വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് ലഭിച്ചിട്ട്. എട്ടു വർഷക്കാലമായി കെഎസ്ഇബിയിൽ നിയമന നിരോധനം നടക്കുകയാണെന്നും, എന്നാൽ കെഎസ്ഇബി 500 കോടി ലാഭത്തിൽ ആണെന്ന് കണക്കുകൾ പറയുന്നതായും കോൺഫെഡറേഷൻ കുറ്റപ്പെടുത്തി.

ജോഷി മാടൻ അധ്യക്ഷത വഹിച്ചു. മുൻ എംപി കെ.പി ധനപാലൻ മുഖ്യപ്രഭാഷണം നടത്തി. ബി എ അബ്ദുൽ മുത്തലിബ്, മുഹമ്മദ് ഷിയാസ്, വി പി ജോർജ്, കെ പി ഉമ്മർ , പി ഉണ്ണികൃഷ്ണൻ, സി എം യൂസഫ്, സി വി കുര്യാച്ചൻ, സി ബി കലേഷ് കുമാർ, ജിജിൻ ജോസഫ്, ഉസ്മാൻ കൊടുങ്ങല്ലൂർ, കെ എൽ ഷാജി, ടി കെ ജയൻ, നിസാറുദ്ധീൻ, അജേഷ് കുമാർ, രാജേഷ് ബി നായർ, ടി ഡി സോണി, തോമസ് കുരിശ് വീട്ടിൽ, മാത്യൂസ് സ്കറിയ, എം ബി സാജൻ, എം കെ അനുമോൻ എന്നിവർ സംസാരിച്ചു.

വീക്ഷണം




കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) നടത്തിയ കോഴിക്കോട് വൈദ്യുതി ഭവനം ഉപരോധം ഡിസിസി പ്രസിഡന്റ് അഡ്വ. കെ.പ്രവീൺകുമാർ ഉദ്ഘാടനം ചെയ്യുന്നു

# പണിമുടക്കിയ കെഎസ്ഇബി ജീവനക്കാർ വൈദ്യുതി ഭവനം ഉപരോധിച്ചു

കോഴിക്കോട്: കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, മണിയാർ ജലവൈദ്യുതി പദ്ധതി കെഎസ്ഇബി ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കെഎസ്ഇബി ജീവനക്കാർ കോഴിക്കോട് വൈദ്യുതി ഭവനം ഉപരോധിച്ചു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) ആഭിമുഖ്യത്തിൽ നടത്തിയ ഉപരോധത്തിലും പ്രകടനത്തിലും പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ നിന്നുള്ള ആയിരത്തോളം പ്രവർത്തകർ പങ്കെടുത്തു.

ഡിസിസി പ്രസിഡന്റ് അഡ്വ. കെ.പ്രവീൺകുമാർ സമരം ഉദ്ഘാടനം ചെയ്തു. സംഘടന സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എം ജംഹർ അധ്യക്ഷത വഹിച്ചു. ഐഎൻടിയുസി ജില്ല പ്രസിഡന്റ് കെ.രാജീവ് മുഖ്യാതിഥിയായി. സംഘടന സംസ്ഥാന സെക്രട്ടറി ഷമീം നാട്യമംഗലം മുഖ്യ പ്രഭാഷണം നടത്തി.

ഭാരവാഹികളായ കെ.കെ രഞ്ജിത്ത്, പി. മുരളീകൃഷ്ണൻ, മെൽബിൻ ആന്റണി, വി.പ്രസാദ്, മുഹമ്മദ് ഷരീഫ്, ടി.വി.പി സുരേഷ് ബാബു, കെ കാജ, കെ ദാമോദരൻ, കെ ഷൺമുഖൻ, കെവി ഗോപകുമാർ, ദിനേഷ് കുമാർ, കെ സദാശിവൻ, ബോബിൻ എം അഷ്റഫ് പുളിക്കലകത്ത്, എം ഗോപകുമാർ, അബ്ദുൾ ഗഫൂർ, പി ജയചന്ദ്രൻ, സുനിൽ കക്കുഴി ഷാംജിർ, ശ്രീവൽസൻ എന്നിവർ സംസാരിച്ചു.

മലയാള മനോരമ

# വൈദ്യുതി ഭവൻ ഉപരോധിച്ചു

കോഴിക്കോട് ● പണിമുടക്കിനെ
ഭാഗമായി കെഎസ്ഇബി ജീവന
ക്കാർ കേരള ഇലക്ട്രിസിറ്റി എ
പ്ലോയീസ് കോൺഫെഡറേ
ഷൻ(ഐഎൻടിയുസി)യുടെ
നേതൃത്വത്തിൽ വൈദ്യുതി ഭവ
ഉപരോധിച്ചു. ഉപരോധം ഡിസി
സി പ്രസിഡന്റ് കെ.പ്രവീൺ കു
മാർ ഉദ്ഘാടനം ചെയ്തു. സം
സ്ഥാന വൈസ് പ്രസിഡന്റ് കെ
എം.ജംഹർ അധ്യക്ഷത വഹിച്ച
ഐഎൻടിയുസി ജില്ലാ പ്രസിഡ
ന്റ് കെ.രാജീവ്, സംസ്ഥാന
സെക്രട്ടറി ഷമീം നാട്യമംഗലം,
രവാഹികളായ കെ.കെ.രഞ്ജി
ത്ത്, പി.മുരളീകൃഷ്ണൻ, മെൽ
ബിൻ ആന്റണി, വി.പ്രസാദ്, മു
മ്മദ് ഷരീഫ്, ടി.വി.പി.സുരേഷ്
ബാബു, കെ.കാജ എന്നിവർ
പ്രസംഗിച്ചു.

Mathrubhumi
മാതൃഭൂമി

# കെ.എസ്.ഇ.ബി. ജീവനക്കാർ വൈദ്യുതിഭവൻ ഉപരോധിച്ചു




കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) വൈദ്യുതിഭവനു മുന്നിൽ നടത്തിയ പ്രതിഷേധ ധർണ ഡി.സി.സി. പ്രസിഡന്റ് കെ. പ്രവീൺകുമാർ ഉദ്ഘാടനംചെയ്യുന്നു

**കോഴിക്കോട്** ► പണിമുടക്കിയ കെ.എസ്.ഇ.ബി. ജീവനക്കാർ ഉത്തരമേഖലാ ആസ്ഥാനമായ വൈദ്യുതിഭവൻ ഉപരോധിച്ചു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) നടത്തിയ പ്രതിഷേധപ്രകടനത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽനിന്നുള്ള പ്രവർത്തകർ പങ്കെടുത്തു.

കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, മണിയാർ ജലവൈദ്യുതിപദ്ധതി കെ.എസ്.ഇ.ബി. ഏറ്റെടുക്കുക, ഇലക്ട്രിസിറ്റി വർക്കർമാർ ഉൾപ്പെടെയുള്ളവരുടെ പ്രമോഷൻ ഉടൻ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജീവനക്കാർ പണിമുടക്കിയത്. ഉപരോധസമരം ഡി.സി.സി. പ്രസിഡന്റ് കെ. പ്രവീൺകുമാർ ഉദ്ഘാടനംചെയ്തു.

കോൺഫെഡറേഷൻ വൈസ് പ്രസിഡന്റ് കെ.എം. ജംഹർ അധ്യക്ഷനായി.

സെക്രട്ടറി ഷമീം നാട്യമംഗലം, ഐ.എൻ.ടി.യു.സി. ജില്ലാപ്രസിഡന്റ് കെ. രാജീവ്, കെ.കെ. രഞ്ജിത്ത്, പി. മുരളീകൃഷ്ണൻ, മെൽബിൻ ആന്റണി, വി. പ്രസാദ്, മുഹമ്മദ് ഷരീഫ്, ടി.വി.പി. സുരേഷ് ബാബു, കെ. കാജ, കെ. ദാമോദരൻ, കെ. ഷൺമുഖൻ, കെ.വി. ഗോപകുമാർ, ദിനേഷ് കുമാർ, കെ. സദാശിവൻ, എം. ബോബിൻ, അഷ്റഫ് പുളിക്കലകത്ത്, എം. ഗോപകുമാർ, അബ്ദുൾ ഗഫൂർ തുടങ്ങിയവർ പ്രസംഗിച്ചു.